**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1080** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>മണിമല ആലപ്ര ഗ്രാമത്തിലെ പട്ടയ പ്രശ്നം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോണി. കെ. ബേബി ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിന്റെ പരിധിയിൽ പൊന്തൻപുഴ വനമേഖലയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ആലപ്ര മേലേക്കവല ഭാഗത്തെ ആയിരത്തോളം കുടുംബങ്ങളെ ബാധിക്കുന്ന പട്ടയ പ്രശ്നം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ഇതേ വരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u>** കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിന്റെ പരിധിയിൽ പൊന്തൻപുഴ വനമേഖലയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ആലപ്ര മേലേക്കവല ഭാഗത്തെ പ്രദേശങ്ങളുടെ പരിശോധന വനംവകുപ്പും റവന്യൂവകുപ്പും സംയുക്തമായി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, പ്രസ്തുത പ്രദേശങ്ങളുടെ പ്രമാണപരമായ അവകാശം തങ്ങളുടേതാണെന്ന് അവകാശപ്പെട്ടുകൊണ്ട് സ്വകാര്യ വ്യക്തികൾ ബഹു. അഡീഷണൽ ഡിസ്ട്രിക്റ്റ് കോടതി, എറണാകുളം മുൻപാകെ ഫയൽ ചെയ്ത എ.എസ്. 159/1976, എ.എസ്. 179/1979 നമ്പർ കേസുകളിൽ ഹർജിക്കാർക്ക് അനുകൂലമായും സർക്കാരിന് എതിരായും വിധിയാകുകയുണ്ടായി.

പ്രസ്തുത വിധിക്കെതിരെ സർക്കാർ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത അപ്പീൽ ഹർജി എം.എസ്.എ. 01/1981 നമ്പർ കേസിൽ 10/01/2018 തീയതിയിലെ വിധി ഉത്തരവ് പ്രകാരം സർക്കാരിന്റെ അവകാശവാദങ്ങൾ തള്ളിക്കൊണ്ട്, സ്വകാര്യ വ്യക്തികൾക്ക് ആലപ്ര റിസർവ് വനപ്രദേശത്തിൽ പ്രമാണപരമായ അവകാശം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത MSA 1/81 നമ്പർ കേസിലെ വിധിക്കെതിരെ സർക്കാർ (വനംവകുപ്പ്) ബഹു. സുപ്രീം കോടതി മുൻപാകെ SLP(C) 15337-15338/2019 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്.

**(ബി)** ഇതേ പൊന്തൻപുഴ വനമേഖലയോട് ചേർന്ന് പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിന് കീഴിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയ വിതരണം അന്തിമഘട്ടത്തിൽ എത്തിയിട്ടും കോട്ടയം ജില്ലയിൽ പ്രസ്തുത വിഷയത്തിൽ പുരോഗതി കൈവരിക്കാത്തത് മൂലം ജനങ്ങൾ പ്രതിഷേധത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിലെ മെല്ലെപ്പോക്ക് ഒഴിവാക്കുന്നതിനായി റവന്യൂ, വനം വകുപ്പുകളെ ചേർത്ത് ഒരു സംയുക്ത പരിശോധന നടത്തി അടിയന്തരമായി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ആലപ്ര പ്രദേശത്ത് ഉൾപ്പെട്ടിട്ടുള്ള വനഭൂമി ഡിജിറ്റൽ സർവേ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെങ്കിലും, പ്രസ്തുത പ്രദേശങ്ങളുടെ അവകാശം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന SLP(C) No. 15337-15338/2019 കേസിലെ അന്തിമ വിധിയുടെ

അടിസ്ഥാനത്തിൽ മാത്രമേ പ്രസ്തുത പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**